Draft #1 of File AcD/01/21652/VC/2018 Approved by Assistant Registrar on 13-Dec-2018 04:01 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**(സംഗ്രഹം)**

Recognition - Indira Gandhi National Open University, New Delhi (IGNOU) അവാർഡ് ചെയ്ത Master of Commerce (Distance Education) ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അംഗീകാരം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

AC D

നമ്പർ. 164/2018/MGU-ADMINISTRATION പി.ഡി.ഹിൽസ്,തീയതി: 13.12.2018

സൂചന:-1) സിസ്റ്റർ ജൂലി ജോസ്, സിസ്റ്റേഴ്സ് ഓഫ് നസറേത്ത്, സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഹൗസ്, അങ്കമാലി സൗത്ത്, എറണാകുളം 08.08.2018ൽ നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം.3744/Ac.D/01/2018/Acad dated 02.05.2018

3) യു.ജി.സി.യിൽ നിന്നും വിവിധ സർവ്വകലാശാല രജിസ്ട്രാർമാർക്ക് അയച്ച കത്ത് F.No.UGC/DEB/2013 dated 14.10.2013

4) ഡോ.എസ്.റസിയ ബീഗം, ഡീൻ, ഫാക്കൽറ്റി ഓഫ് കൊമേഴ്സ് അഭിപ്രായം രേഖപ്പെടുത്തി 03/11/2018ൽ നൽകിയ ഇ-മെയിൽ.

**ഉത്തരവ്**

1) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി അവാർഡ് ചെയ്ത മാസ്റ്റർ ഓഫ് കൊമേഴ്സ് (വിദൂരവിദ്യാഭ്യാസം) ബിരുദത്തിന് തുല്യതാംഗീകാരം ലഭിക്കുന്നതിനായി സൂചന (1) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. അപേക്ഷകക്ക് കേരള സർവ്വകലാശാല, കാലിക്കട്ട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല , കുസാറ്റ് എന്നിവിടങ്ങളിൽ നിന്ന് മേൽപ്പറഞ്ഞ ബിരുദത്തിന് ലഭിച്ച തുല്യതാസർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കുകയുണ്ടായി.

2) ഇഗ്നോയുടെ എം.കോം (വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.കോം. (ഇന്റർനാഷണൽ ബിസിനസ്സ്) ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി ലഭിച്ച ഒരു അപേക്ഷ സൂചന (2) പ്രകാരം നിരസിച്ചിരുന്നു. എന്നാൽ സൂചന (3) പ്രകാരം UGC & DEC അംഗീകരിച്ചിട്ടുള്ള ODL Institutionsൽ UGC Notification on specification of Degrees പ്രകാരം നടത്തുന്ന കോഴ്സുകൾ തുല്യതാംഗീകാരം നൽകണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ഇഗ്നോയുടെ എം.കോം. ബിരുദത്തിന്റെ തുല്യതാംഗീകാരം സംബന്ധിച്ച വിഷയം പുന:പരിഗണിക്കുകയും മേൽ വിഷയത്തിൽ ഡീൻ, ഫാക്കൽറ്റി ഓഫ് കോമേഴ്സിന്റെ വിദഗ്ധാഭിപ്രായം തേടുകയുമുണ്ടായി.

3) പ്രസ്തുത വിഷയം 6 മാസങ്ങൾക്കു മുൻപു നിരസിച്ചിട്ടുള്ളതാണെന്നും നിരസിക്കാനുള്ള കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും ഇഗ്നോയുടെ സിലബസിൽ 12 പേപ്പറുകളും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സിലബസിൽ 22 പേപ്പറുകളുമാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും ഡീൻ നിരീക്ഷിച്ചു. സൂചന (3) ന്റെ അടിസ്ഥാനത്തിൽ തുല്യതാംഗീകാരം നൽകുന്ന വിഷയം ഒരു ഉന്നത

സമിതി പരിശോധിക്കേണ്ടതുണ്ടെന്നും ഉപരിപഠനത്തിനും തൊഴിലിനുമായി അപേക്ഷകക്ക് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്നും അദ്ദേഹം ശിപാർശ നൽകി.

4) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി അവാർഡ് ചെയ്ത മാസ്റ്റർ ഓഫ് കൊമേഴ്സ് (വിദൂരവിദ്യാഭ്യാസം) ബിരുദത്തിന് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 ഛേദം 10(17)പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു.

5) തദനുസരണം രജിസ്ട്രാർക്ക് വേണ്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു

DILEEP KUMAR R

അസിസ്റ്റന്റ് രജിസ്ട്രാർ

പകർപ്പ്

1.സിസ്റ്റർ ജൂലി ജോസ്
2.പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
4.ജെ.ആർ. 2 (ഭ.വി)
5.എ.ആർ. /ഡി.ആർ. (അക്കാഡമിക് വിഭാഗം )
6.എ.സി.സി. സെക്ഷൻ
7.കൺടന്റ് മാനേജ്മെന്റ് സെക്ഷൻ
8.ഐ.ക്യു.എ.സി.
9.കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AcD/01/21652/VC/2018 Approved by Assistant Registrar on 13-Dec-2018 04:01 PM - Page 2